(ഇ) ഹാരിസൺ മലയാളം പ്ലാന്റേഷന് 6070.553 ഏക്കർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത പാട്ടഭൂമി വിൽപ്പന നടത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ പാട്ടഭൂമിയിലെ ഭാഗമായ 420 ഹെക്ടർ ഹാരിസൺ മലയാളം പ്ലാന്റേഷൻ പല കർഷകർക്കായി സബ് ലീസ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷന് പാട്ടത്തിന് നൽകിയ വനഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടില്ല.

വ്യാജമദ്യനിർമ്മാണവും വിൽപ്പനയും

*7 [275] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
" *കോടിയേരി ബാലകൃഷ്ണൻ:*
" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും വർദ്ധിച്ച് വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജമദ്യ നിർമ്മാണവും വിൽപ്പനയും കണ്ടുപിടിക്കുന്നതിന് സർക്കാർ റെയ്ഡ് നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര റെയ്ഡുകളാണ് നടത്തിയത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) വർദ്ധിച്ച് വരുന്നതായി അറിവില്ല.

(ബി) റെയ്ഡുകൾ നടത്താറുണ്ട്. എക്സൈസ് വകുപ്പ് 84072 റെയ്ഡുകളും പോലീസ് വകുപ്പ് 19152 റെയ്ഡുകളും നടത്തിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പ് 2551 കേസുകളും പോലീസ് വകുപ്പ് 1971 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

*8 [276] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സുധീരൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാത ഇരട്ടിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടികളിൽ ഉണ്ടായിട്ടുള്ള പുരോഗതി വിവരിക്കുമോ;

(സി) സമയബന്ധിതമായി ഇരട്ടിപ്പിക്കൽ നടപടി പൂർത്തീകരിക്കുമോ എന്നും, എന്നത്തേയ്ക്കു പദ്ധതി പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*):

(എ) എറണാകുളം-കായംകുളം റെയിൽപ്പാത ഇരട്ടിപ്പിക്കലിനോടനുബന്ധിച്ച് കായംകുളം-മാവേലിക്കര/ ചെങ്ങന്നൂർ, കായംകുളം പോപ്പാട്, പരിപ്പാട് പാത ഇരട്ടിപ്പിക്കലിനാവശ്യമായ ഭൂമി മുൻകൂറായി പൊന്നുംവിലയ്ക്ക് ഏടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. എറണാകുളം-കോട്ടയം-കായംകുളം സെക്ഷനിൽ ഇരട്ടിപ്പിക്കൽ പണി പുരോഗമിച്ചുവരുന്നു. എറണാകുളം-ആലപ്പുഴ-കായംകുളം സെക്ഷനിലും പാത ഇരട്ടിപ്പിക്കൽ പണി പുരോഗമിച്ചുവരുന്നു. പാത ഇരട്ടിപ്പിക്കലിനാവശ്യമായ ഭൂമി ആവശ്യപ്പെടുന്ന മുറയ്ക്ക് താമസംവിനാ ഏറ്റെടുത്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി ഒരു ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്.

(ബി) പാത ഇരട്ടിപ്പിക്കലിനായി ഭൂമി ഏറ്റെടുത്തു നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി കൃത്യമായി വിലയിരുത്തി വരുന്നുണ്ട്.

(സി) സമയബന്ധിതമായി പാത ഇരട്ടിപ്പിക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി അതിനോടനുബന്ധിച്ച് നടന്നുവരുന്ന നടപടികളുടെ പുരോഗതി വിലയിരുത്തിവരുന്നുണ്ട്. പാതയിരട്ടിപ്പിക്കൽ താമസംവിനാ നടപ്പിലാക്കുന്നതിന് റെയിൽവേ അധികൃതർക്കു വേണ്ടിവരുന്ന എല്ലാ സഹായവും ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി സമീപഭാവിയിൽതന്നെ പൂർത്തിയാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

കുടിവെള്ള കാര്യത്തിൽ സ്വയംപര്യാപ്തത

*9 [277] *ശ്രീ. സാജു പോൾ:*
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. മഞ്ഞളാംകുഴി അലി:
„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ കാര്യത്തിൽ ഏത് വർഷത്തിനകം സ്വയംപര്യാപ്തതയിലെത്തിക്കുമെന്നായിരുന്നു യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നയുടൻ പ്രഖ്യാപിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly